# Desabhimani
# 28 August 2018
# Thiruvananthapuram : Flood Relief Contribution

# സംഭാവന ബിപിസിഎൽ വക; അക്കൗണ്ടിലാക്കി ബിജെപി




ബിജെപി പ്രവർത്തകർ ഷെയർചെയ്യുന്ന വ്യാജ ഫോട്ടോപോസ്റ്റ്

**തിരുവനന്തപുരം**

കേരളത്തിലെ പ്രളയദുരിതബാധിതരെ സഹായിക്കരുതെന്ന് വ്യാപകമായി പ്രചാരണം നടത്തുന്ന സംഘപരിവാർ, ഭാരത് പെട്രോളിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ സംഭാവന സ്വന്തം അക്കൗണ്ടിലാക്കി.

'ബിജെപി എംഎൽമാരും എംപിമാരും ഒന്നും തന്നില്ലെന്ന് ഇനി ആരും പറയരുത്' എന്ന അടിക്കുറിപ്പോടെ ഭാരത് പെട്രോളിയം ദുരിതാശ്വാസനിധിയിലേക്ക് 25 കോടി രൂപയുടെ ചെക്ക് കൈമാറുന്ന ചിത്രം സംഘപരിവാറുകാർ പ്രചരിപ്പിക്കുകയാണ്. ചെക്കിൽ ഭാരത് പെട്രോളിയം ലിമിറ്റഡ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും സാമൂഹ്യമാധ്യമങ്ങളിൽ ഈ ചിത്രം വ്യാജമായി പ്രചരിപ്പിക്കുകയാണ്.

കേന്ദ്ര സഹമന്ത്രി അൽഫോൺസ് കണ്ണന്താനം, വി മുരളീധരൻ എം പി എന്നിവരും മുഖ്യമന്ത്രിക്കൊപ്പം ചെക്ക് കൈമാറുന്ന ചിത്രത്തിലുണ്ട്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ആഗസ്ത് 23ന് രാവിലെയാണ് അവരുടെ ഒഫിഷ്യൽ പേജിൽ ഈ ചിത്രം പോസ്റ്റ് ചെയ്തത്.

നേരത്തെ ദുരിതാശ്വാസ പ്രവർത്തനം നടത്തുന്ന മന്ത്രി വി എസ് സുനിൽകുമാറിനെ തങ്ങളുടെ കാര്യവാഹകാക്കി ആർഎസ്എസുകാർ ദേശീയതലത്തിൽ പ്രചരിപ്പിച്ചിരുന്നു.